"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള കാർഷിക സർവ്വകലാശാല - വാർഷിക പദ്ധതി- 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.56/2025/AGRI തീയതി,തിരുവനന്തപുരം, 29-01-2025

പരാമർശം:-
1. സ.ഉ.(സാധാ) നം. 11/2025/കൃഷി ; തീയതി 03.01.2025.
2. കേരള കാർഷിക സർവ്വകലാശാല കംപ്ട്രോളറുടെ 04.01.2025-ലെ KAUFIN/2004/2024-FIN BG A2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം 2024-25 സാമ്പത്തിക വർഷത്തിലെ കേരള കാർഷികസർവ്വകലാശാലയുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി '2415-01-277-99-35 മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം' എന്ന ശീർഷകത്തിൽ 5.00 കോടി രൂപയും, '2415-01-277-99-36 സഹായധനം ശമ്പളേതരം' എന്ന ശീർഷകത്തിൽ 32.50 കോടി രൂപയുടെയും ബജറ്റ് വിഹിതം വകയിരുത്തിക്കൊണ്ട് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി 37.50 കോടി രൂപ അനുവദിക്കണമെന്നഭ്യർത്ഥിച്ച് കേരളകാർഷിക സർവ്വകലാശാല കംപ്ട്രോളർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചുവടെ പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി **'2415-01-277-99-35 മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം' എന്ന ശീർഷകത്തിൽ നിന്നും 3.1388 കോടി (മൂന്ന് കോടി പതിമൂന്ന് ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ മാത്രം) രൂപയും '2415-01-277-99-36 സഹായധനം ശമ്പളേതരം' എന്ന ശീർഷകത്തിൽ നിന്നും 22.7858 കോടി രൂപ (ഇരുപത്തിരണ്ടു കോടി എഴുപത്തിയെട്ടു ലക്ഷത്തി അൻപത്തിയെട്ടായിരം രൂപ മാത്രം) രൂപയും** കേരള കാർഷിക സർവ്വകലാശാലയുടെ 2024-25 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഫണ്ട് ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.
2. ഫണ്ട് അനുവദിച്ചിരിക്കുന്ന നിശ്ചിത ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. യാതൊരു കാരണവശാലും വക മാറ്റി ചെലവഴിക്കാൻ പാടില്ല.
3. 09.01.2020-ലെ സ.ഉ.(കൈ)നം.4/2020/ധന ഉത്തരവ് പ്രകാരം തയ്യാറാക്കിയ നിശ്ചിത പ്രൊഫോർമയിലുള്ള വിനിയോഗ സർട്ടിഫിക്കറ്റും, ഇനം തിരിച്ചുള്ള ചെലവുകളുടെ സ്റ്റേറ്റ്മെന്റും അടുത്ത ഫണ്ട് റിലീസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
4. 09.12.2008-ലെ സർക്കുലർ നം.84/2008/ധന, 29.08.2009-ലെ സർക്കുലർ

നം.75/2009/ധന, 30.01.2018-ലെ സർക്കുലർ നം. നം.08/2018/ധന, 04.01.2021-ലെ സർക്കുലർ നം.01/2021/ധന എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(3) 11.06.2018-ലെ സ.ഉ.(പി)നം.88/2018/ധന ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിൽ കംപ്ട്രോളർ തുടർനടപടികൾ ആരംഭിക്കേണ്ടതാണ്. പ്രസ്തുത ഫണ്ട് കേരള കാർഷിക സർവ്വകലാശാല കംപ്ട്രോളറുടെ പേരിൽ തൃശ്ശൂർ അഡീഷണൽ സബ് ട്രഷറിയിൽ നിലവിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ട് നം. 799012700000384-ൽ നിക്ഷേപിച്ച് ആവശ്യാനുസൃതം ചട്ടപ്രകാരം വിനിയോഗിക്കേണ്ടതാണ്.

(4) ഗവൺമെന്റ് സെക്രട്ടറിയേറ്റ് കൃഷി (ഫാംസ്) വകുപ്പിലെ അണ്ടർ സെക്രട്ടറി ആവശ്യമായ ബിൽ തയ്യാറാക്കി സെക്രട്ടറിയേറ്റ് സബ് ട്രഷറിയിൽ നൽകി ടി തുക മാറി മേൽ പരാമർശിച്ച അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. രജിസ്ട്രാർ, കേരള കർഷിക സർവ്വകലാശാല, തൃശ്ശൂർ.
2. കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
3. ട്രഷറി ഓഫീസർ, അഡീഷണൽ സബ് ട്രഷറി, തൃശ്ശൂർ.
4. സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
5. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
8. ധനകാര്യ വകുപ്പ്(27.01.2025-ലെ 2905759/പി.യു-ബി3/74/2024/ഫിൻ പ്രകാരം)
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sujanath V M
സെക്ഷൻ ഓഫീസർ
Date: 29-01-2025 12:03:32

പകർപ്പ്: ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കാർഷികോത്പാദന കമ്മീഷണറുടെ പി.എ.യ്ക്ക്